**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3081** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി റീച്ചുകൾ തിരിച്ച് വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി, റീച്ചുകൾ തിരിച്ച് ചുവടെ വിശദീകരിക്കുന്നു.<br><br>1. കുട്ടിക്കാനം –ചപ്പാത്ത് (19 കി.മീ)- പ്രവൃത്തി പൂർത്തിയായി.<br><br>2. പീരുമേട്- ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മീ)- പ്രവൃത്തി പുരോഗമിക്കുന്നു (71%).<br><br>3. പീരുമേട്- ദേവികുളം - രണ്ടാം ഘട്ടം(2.9 കി.മീ)– പ്രവൃത്തി പൂർത്തിയായി.<br><br>4. പീരുമേട്- ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മീ)- പ്രവൃത്തി പുരോഗമിക്കുന്നു(53%).<br><br>5. പീരുമേട്- ദേവികുളം - നാലാം ഘട്ടം (6.66 കി.മീ)- സാങ്കേതികാനുമതി നൽകുന്നതിനും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>6. പുളിയൻമല - മൈലാട്ടുംപാറ (25.78 കി.മീ)- സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>7. മൈലാട്ടുംപാറ കുഞ്ചുങ്കൽ (10.90 കി.മീ) - പൂർത്തീകരിച്ചു.<br><br>8. കുഞ്ചുങ്കൽ-വലിയമുല്ലക്കാനം (6.05 കി.മീ) - പ്രവൃത്തി പൂർത്തീകരിച്ചു.<br><br>9. എല്ലക്കൽ - വലിയ മുല്ലക്കാനം (5.25 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു (30%).<br><br>10. ഇരുട്ടുക്കാനം - ഏലക്കൽ പാലം (12.87 കി.മീ) - സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇടുക്കി ജില്ലയിലെ അലൈന്റ്മെന്റിൽ നിന്നും ഒഴിവാക്കിയ ആറാംമൈൽ-എളംപ്ലാശേരി-കുറത്തിക്കുടി റീച്ച് ഉൾപ്പെടുത്തണമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അലൈന്റ്മെന്റ് ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇടുക്കി ജില്ലയിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള 8 കിമീ ഭാഗം വനം വകുപ്പിന്റെ കീഴിലാണ്. ഇടതൂർന്ന, സംരക്ഷിത വനമേഖലയിൽ വരുന്ന പ്രസ്തുത ഭാഗം മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചില്ല. തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ് അധികൃതരുടെയും NATPAC, കിഫ്ബി-കെ.ആർ.എഫ്.ബി.-പി.എം.യു ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ 2021 ഒക്ടോബർ 5ന് ചേർന്ന മീറ്റിംഗിൽ അലൈൻമെന്റ് മാറ്റുവാൻ തീരുമാനം എടുത്തു. അതനുസരിച്ച് ആറാം മൈൽ - എളംപ്ലാശേരി – കുറത്തിക്കുടി ഭാഗം ഒഴിവാക്കി ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള ദേശീയ പാത 85 മലയോര ഹൈവേ ആയി ഉപയോഗിക്കാൻ തീരുമാനിച്ചു. ആറാം മൈൽ മുതൽ എളംപ്ലാശേരി വരെയുള്ള റോഡ് നിലവിലുള്ള വീതിയിൽ മെച്ചപ്പെടുത്താനും എളംപ്ലാശേരി മുതൽ കുറത്തിക്കുടി വരെയുള്ള റോഡ് 5.5 m വീതിയിൽ Paver block ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ